# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :24/10/ 2019

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്
# ഹരിതഭൂമി ജില്ലാതല ഉദ്ഘാടനം

കൊല്ലം : സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി ഈ അദ്ധ്യായന വർഷം 10 ലക്ഷം ഫലവൃക്ഷങ്ങളുടെ വിത്തുകൾ ശേഖരിച്ച് മുളപ്പിച്ച് നട്ടുപരിപാലിക്കുക എന്ന ഒരു ബൃഹത് പദ്ധതിയായ ഹരിതഭൂമി യുടെ ജില്ലാതല ഉദ്ഘാടനം വാളത്തുംഗൽ



ബോയ്സ് ഹൈസ്കൂളിൽ വച്ച് ബഹു. വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. കെ.രാജു വൃക്ഷത്തൈ നട്ടും വിത്ത് പാകിയും ഉദ്ഘാടനം നിർവ്വഹിച്ചു. ഭൂമി മനുഷ്യന് മാത്രം അവകാശപ്പെട്ടതല്ല എന്നും മറ്റ് ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്നും ആയതിനാൽ ഫലവൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നത് മാതൃകാ പരമായ പ്രവർത്തിയാണെന്നും ഇത്തരത്തിൽ വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്ന സ്കൂളിനും, കേഡറ്റുകൾക്കും അവാർഡ് നൽകുമെന്നും മന്ത്രി പ്രഖ്യാപിച്ചു. തുടർന്ന് ജില്ലയിലെ 22 എസ്.പി.സി സ്കൂളുകൾക്കും ഫലവൃ



ക്ഷങ്ങളുടെ വിത്ത് വിതരണം നടത്തുകയും ചെയ്തു. ഇരവിപുരം എം.എൽ.എ ശ്രീ. എം. നൗഷാദ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാപോലീസ് മേധാവി ശ്രീ. പി.കെ. മധു ഐ.പി.എസ് മുഖ്യപ്രഭാക്ഷണം നടത്തുകയും ചെയ്തു. എസ്.പി.സി ജില്ലാ നോഡൽ ഓഫീസർ ശ്രീ. ജി.സർജ്ജുപ്രസാദ് ചടങ്ങിന് സ്വാഗതവും കോർപ്പറേഷൻ കൗൺസിലർമാരായ ശ്രീ. പ്രിയദർശൻ, ശ്രീമതി. ഗിരിജാ കുമാരി, പ്രിൻസിപ്പാൽ ശ്രീമതി. വീണ, ഹെഡ്മിസ്ട്രസ് ശ്രീമതി. സോമലത എന്നിവർ ആശംസകളും എസ്.പി.സി അസ്സിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ. വൈ. സോമരാജ് നന്ദിയും രേഖപ്പെടുത്തി.